## പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 3291          19/06/2019-ൽ മറുപടിയ്ക്ക്

# ഓപ്പൺ എയർ ഓഡിറ്റോറിയം നിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | **ശ്രീ.ആർ.രാജേഷ്** | | **ശ്രീ.എ.സി.മൊയ്തീൻ**<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) |
| എ) | മാവേലിക്കര നിയമസഭാ മണ്ഡലത്തിൽ തഴക്കര ഗ്രാമപഞ്ചായത്തിൽ ആസ്തിവികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഓപ്പൺ എയർ ഓഡിറ്റോറിയം നിർമ്മിക്കുന്നതിന് തുക അനുവദിച്ചിട്ടും നിർമ്മാണം ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) & ബി) | കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം മാവേലിക്കരയെയാണ് തഴക്കര പഞ്ചായത്ത് ആഡിറ്റോറിയ നിർമ്മാണ ചുമതല ഏൽപിച്ചിരിക്കുന്നത്. തഴക്കര പഞ്ചായത്ത് സെക്രട്ടറിയുമായി പി.എം.സി ആയിട്ടാണ് പ്രവർത്തിക്കുളള എഗ്രിമെന്റ് ഒപ്പ് വച്ചിട്ടുള്ളത്. ടി പ്രവർത്തിയ്ക്കുളള സാങ്കേതികാനുമതി ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ നൽകിയിട്ടുണ്ട്. വർക്ക് ഇ-ടെൻഡർ ചെയ്യാനുള്ള പ്രാരംഭ നടപടികൾ തുടങ്ങിയിട്ടുണ്ട്. |
| ബി) | എങ്കിൽ പ്രസ്തുത നിർമ്മാണപ്രവൃത്തി ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ; | | |
| സി) | പ്രസ്തുത നിർമ്മാണപ്രവൃത്തി എ.ഡി.സി.യുടെ മേൽനോട്ടത്തിൽ നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | സി) | ആസ്തി വികസന പദ്ധതിയുമായി ബന്ധപ്പെട്ട ഉത്തരവുകൾ പ്രകാരം ജില്ലാ കളക്ടർക്കു വേണ്ടി ഭരണാനുമതി നൽകുന്നത് എ.ഡി.സി (ജനറൽ) ആണ്. ടി പ്രവർത്തിയുടെ മേൽ നോട്ടം വഹിക്കുന്നതിനും, ഗുണനിലവാരം പരിശോധിക്കുന്നതിനും ഉള്ള സാങ്കേതിക സംവിധാനങ്ങൾ എ.ഡി.സി (ജനറൽ) ഓഫീസിൽ നിലവിൽ ലഭ്യമല്ല. മേൽ സാഹചര്യത്തിൽ പ്രസ്തുത നിർമ്മാണ പ്രവർത്തി എ.ഡി.സി യുടെ മേൽനോട്ടത്തിൽ നടത്താൻ സാധ്യമല്ല. |

സെക്ഷൻ ഓഫീസർ